| COA | FO | DD(O&M) | TRG |
| --- | --- | --- | --- |
| 2 SEP 2025 | | | |
| AO | PO | DD(R&D) | GIS |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ (ഡെവലപ്‌മെന്റ് ആൻഡ് ഇന്നൊവേഷൻ) വകുപ്പ് - കേരള ഡെവലപ്മെൻറ് ആൻഡ് ഇന്നവേഷൻ സ്റ്റാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) - 'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം-ഒരാശയം' (OLOI) പദ്ധതിയുടെ ആശയ രൂപീകരണ പ്രക്രിയ അംഗീകരിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ (ഡെവലപ്പ്മെന്റ് & ഇന്നൊവേഷൻ) വകുപ്പ്**

സ.ഉ.(സാധാ) നം.76/2025/PLG&EA (DVPMT & INNOVATION) തീയതി,തിരുവനന്തപുരം, 17-08-2025

പരാമർശം:- 1. 23.07.2022-ലെ സ.ഉ.(അച്ചടി) നം.1/2022/പ്ലാനിംഗ് (ഡെവലപ്മെന്റ് & ഇന്നൊവേഷൻ) നമ്പർ ഉത്തരവ്.

2. കെ-ഡിസ്ക് മെമ്പർ സെക്രട്ടറിയുടെ 17.07.2025-ലെ 2316/2025/KDISC നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാമ, നഗര പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിലും, സേവനമേഖലയിലും ജനങ്ങളുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും പ്രകടമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോഴും പരിഹരിക്കാൻ കഴിയാത്ത സങ്കീർണമായ, ബുദ്ധിമുട്ടുകൾ ഉള്ളതും, മൾട്ടി ഡിസിപ്ലിനറി ഇന്റർവെൻഷൻ (Multi-Disciplinary Intervention) ആവശ്യമുള്ളതുമായ വികസന പ്രശ്നങ്ങൾ തുടരുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾക്ക്, പരിഹാരം കണ്ടെത്തുന്നതിന് ഉതകുന്ന പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പിന്തുണക്കുക എന്ന ലക്ഷ്യത്തിലാണ് **'ഒരു തദ്ദേശ സ്വയംഭരണസ്ഥാപനം - ഒരു ആശയം'** (OLOI) എന്ന പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയത്.

2. ഇത്തരത്തിലുള്ള സങ്കീർണ്ണ പ്രശ്നങ്ങളുടെ പരിഹാരത്തിന് കൂട്ടായ പ്രശ്നപരിഹാരത്തിൽ ഊന്നിയ പുത്തൻ ആശയ രൂപീകരണം, അഥവാ ഇന്നൊവേഷൻ (Innovation) ആവശ്യമാണ്. ഗുണഭോക്താക്കളുടെ ദുർഘട വിഷയങ്ങൾ തിരിച്ചറിഞ്ഞു പ്രാരംഭ പ്രശ്ന വിലയിരുത്തൽ നടത്തുകയും, മൂലകാരണം കണ്ടെത്തി പങ്കാളിത്ത രീതിയിലൂടെ പരിഹാരങ്ങൾ രൂപപ്പെടുത്തുകയും, അവയുടെ സാങ്കേതിക സജ്ജതയും (technology readiness level), സാമൂഹിക സജ്ജതയും (community readiness level) പരിശോധിച്ച്, പ്രായോഗികത ഉറപ്പു വരുത്തി, പരാജയ സാധ്യത കുറച്ച് പദ്ധതികൾ നടപ്പിലാക്കുന്ന പ്രക്രിയയാണ് OLOI പിന്തുടരുന്നത്.

3. കെ-ഡിസ്ക്കും, കില(KILA)യും, തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി OLOI പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നേരിടേണ്ടി വന്ന രണ്ടാം തലമുറ വികസന പ്രതിസന്ധികൾ സംബന്ധിച്ച

വിവരങ്ങൾ കെ-ഡിസ്ക് സമാഹരിക്കുകയും, ഇവ പരിഹരിക്കുന്നതിനായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങളെ കൂടുതൽ ശാക്തീകരിക്കുന്നതിനായി OLOI പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ സൂചിപ്പിച്ച പ്രകാരം ഘട്ടംഘട്ടമായുള്ള ആശയരൂപീകരണ പ്രക്രിയ സർക്കാർ അംഗീകരിക്കണമെന്ന് പരാമർശം (2) പ്രകാരം കെ-ഡിസ്ക് മെമ്പർ സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൂതനാശയങ്ങളിലൂടെ പരിഹാരം കണ്ടെത്തേണ്ട പ്രശ്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കണ്ടെത്തി, ഇത്തരത്തിൽ സമാഹരിക്കപ്പെടുന്ന പ്രശ്നങ്ങളെ അതാത് മേഖലകളിലുള്ള വിദഗ്ധർ ഉൾപ്പെടുന്ന കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്, തദ്ദേശീയ/ ദേശീയ/അന്തർ ദേശീയ അക്കാദമിക ഗവേഷണ സ്ഥാപനങ്ങൾ എന്നിവയെ ഉൾപ്പെടുത്തി ചെറു ശില്പശാലകൾ നടത്തുകയും, പ്രശ്ന വിശകലനം നടത്തി, പ്രശ്നം ആരെയൊക്കെയാണോ ബാധിക്കുന്നത്, ആധാരമായ കാരണങ്ങൾ എന്തൊക്കെയാണ്, മുൻപ് നടത്തിയ പ്രശ്ന പരിഹാര ശ്രമങ്ങൾ എന്നിവയെ വിശകലനം നടത്തി പ്രശ്ന പ്രസ്താവനയെ സ്ഫുടം ചെയ്ത് എടുക്കുക.
2. ഇത്തരത്തിൽ സ്ഫുടം ചെയ്തെടുക്കുന്ന പ്രശ്ന പ്രസ്താവനയെ അക്കാദമിക, ഗവേഷണ സ്ഥാപങ്ങളുടെയും അതത് വകുപ്പുകളുടെയും സഹായത്തോടെ പഠിച്ചു പ്രശ്നത്തിന്റെ മൂലകാരണം, പ്രശ്നത്തിന്റെ വ്യാപ്തി, ദൈർഘ്യം, നിലവിലെ പ്രശ്ന പരിഹാര മാർഗങ്ങളുടെ പരിമിതികൾ, പ്രശ്ന ബാധിതരുടെ വീക്ഷണങ്ങൾ, ആഗ്രഹിക്കുന്ന പ്രശ്ന പരിഹാര മാർഗങ്ങളുടെ സ്വഭാവ സവിശേഷതകൾ എന്നിവയെ വിശദമായി പഠിച്ചു പ്രോബ്ലം ക്യാൻവാസ് തയ്യാറാക്കുക. (ഈ പ്രക്രിയയെ പ്രശ്ന പ്രസ്താവനകളുടെ ക്യൂറേഷൻ എന്നാണ് അറിയപ്പെടുന്നത്)
3. പ്രോബ്ലം ക്യാൻവാസുകളെ വിഷയാടിസ്ഥാനത്തിൽ രൂപം നല്കുന്ന വിദഗ്ധ പാനലിന് മുൻപാകെ വിശദീകരിച്ച് അവരുടെ നിർദ്ദേശങ്ങൾ കൂടെ കൂട്ടിച്ചേർത്തു ആശയരൂപീകരണത്തിന്റെ മൂന്നാം ഘട്ടമായ നൂതനാശയ രൂപീകരണത്തിലേക്ക് കടക്കുക.
4. നൂതനാശയ രൂപീകരണത്തിന്റെ ആദ്യപടി എന്ന നിലക്ക് തയ്യാറാക്കിയ പ്രശ്ന വിശകലന റിപ്പോർട്ട് കേരളത്തിനകത്തും പുറത്തുമുള്ള അക്കാദമിക ഗവേഷണ സ്ഥാപനങ്ങൾക്കും സ്റ്റാർട്ടപ്പ് സംരഭകർക്കു നൽകി പ്രശ്ന പരിഹാര മാർഗങ്ങൾ തേടുക. ഇത്തരത്തിൽ സമാഹരിക്കുന്ന പ്രശ്ന പരിഹാര മാർഗങ്ങളെ പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് പൊരുത്തപ്പെടുത്തുന്നതിനുള്ള കണ്ണിയായി കെഡിസ്ക് രൂപം നൽകിയിട്ടുള്ള ഇന്നൊവേഷൻ ഇക്കോസിസ്റ്റം പ്രവർത്തിക്കേണ്ടതാണ്.
5. ഈ പ്രക്രിയയിൽ കൂടി ഉചിതമായ പ്രശ്ന പരിഹാര മാർഗങ്ങൾ കണ്ടെത്താൻ സാധിക്കാത്ത പക്ഷം സ്റ്റാർട്ടപ്പ് സംരംഭകരേയും, ആശയ ദാതാക്കളെയും, അക്കാദമിക ഗവേഷണ സ്ഥാപനങ്ങളെയും കൂട്ടിച്ചേർത്തു വിശദമായ ഐഡിയേഷൻ ഹാക്കത്തോണുകൾ നടത്തുക.
6. ഇത്തരത്തിൽ സമാഹരിക്കപ്പെടുന്ന പ്രശ്ന പരിഹാര മാർഗങ്ങളെ വിഷയാടിസ്ഥാനത്തിൽ വിദഗ്ധ സമിതികൾ രൂപീകരിച്ച് വിശകലനം ചെയ്യുകയും അനുയോജ്യമായ പ്രശ്ന പരിഹാര മാർഗങ്ങൾ വിദഗ്ധ സമിതി നിർദ്ദേശിക്കുന്ന പ്രകാരം പദ്ധതിരേഖകളാക്കി മാറ്റുകയും ചെയ്യുക.

7. മേൽ സൂചിപ്പിച്ച പ്രകാരം രൂപപ്പെട്ടുവരുന്ന നൂതനാശയങ്ങളുടെ സാങ്കേതിക ക്ഷമതയും (technology readiness level), സാമൂഹിക സ്വീകാര്യതയും (community readiness level) ഉറപ്പുവരുത്തി നൂതനാശയ പദ്ധതികളാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുകയും അവ പ്രായോഗികതലത്തിൽ വരുത്തുവാനുള്ള സാങ്കേതിക സഹായ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

8. OLOI പദ്ധതിയിലൂടെ വരുന്ന നൂതനാശയങ്ങളുടെ പരാജയ സാദ്ധ്യത കുറക്കുന്നതിന് വേണ്ടിയുള്ള മാർഗങ്ങൾ എന്ന നിലക്ക് വിഷയാടിസ്ഥാനത്തിൽ വിദഗ്ധരെ ഉൾപ്പെടുത്തി നൂതനാശയത്തിന്റെ സാങ്കേതിക ക്ഷമതയും, ഉപയോഗക്ഷമതയും പരിശോധിച്ചു പൈലറ്റ് അടിസ്ഥാനത്തിൽ ഒരു പ്രദേശത്ത് നടപ്പിലാക്കിയതിനുശേഷം പ്രസ്തുത ആശയം സ്കെയിൽ അപ് ചെയ്യുന്നതിന് തയ്യാറെടുക്കുക. പൈലറ്റ് ഘട്ടത്തിൽ ഉണ്ടാകുന്ന റിസ്ക് പരിഹരിക്കുന്നതിനുള്ള നടപടികൾ കെ-ഡിസ്ക് കൈക്കൊള്ളുന്നതാണ്.

4. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കെ-ഡിസ്‌ക്കും, കില(KILA)യും, തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന **'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം-ഒരാശയം'** (OLOI) പദ്ധതിയുടെ തുടർപ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിനായി മേൽ വിവരിച്ച പ്രകാരമുള്ള **ആശയരൂപീകരണ പ്രക്രിയ അവലംബിക്കുന്നതിന്** അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ.എം.എബ്രഹാം

EX-OFFICIO SECRETARY

To:-

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്.

ചീഫ് വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്.

എല്ലാ ജില്ലാ കളക്ടർമാർക്കും.

ഡയറക്ടർ ജനറൽ, കില.

ഡയറക്ടർ (റൂറൽ), എൽ എസ് ജി ഡി.

ഡയറക്ടർ (നഗരം) എൽ എസ് ജി ഡി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

മെമ്പർ സെക്രട്ടറി, കേരള ഡെവലപ്മെൻറ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്).

ചെയർപെഴ്സൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

തദ്ദേശ സ്വയംഭരണ വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
3. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.
4. തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.
5. തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ (അർബൻ) പി.എ.